**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1043** **24-02-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ജില്ലയിലെ പൊതുകുളങ്ങളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ക്ഷേത്രക്കുളങ്ങൾ ഉൾപ്പെടെയുള്ള പൊതുകുളങ്ങളുടെ നവീകരണത്തിനായി 2016 മുതൽ 2021 വരെ ആലപ്പുഴ ജില്ലയിൽ അനുവദിച്ച പദ്ധതികളും തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇവയിൽ ഇനിയും ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ റദ്ദ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇല്ല. അനുമതി ലഭിച്ച പദ്ധതികൾ എല്ലാം തന്നെ വിവിധ നിർവഹണ ഘട്ടങ്ങളിൽ ആണ്. |
| (സി) | ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ നവീകരിക്കുമ്പോൾ വാട്ടർ ഷെയർ എഗ്രിമെന്റ് വെയ്ക്കേണ്ടതുണ്ടോ; ഇതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; | (സി) | ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ നവീകരിക്കുമ്പോൾ വാട്ടർഷെയർ എഗ്രിമെന്റ് വെയ്ക്കേണ്ടതുണ്ട്. ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുമായി കൂടിയാലോചിച്ച് വാട്ടർഷെയർ എഗ്രിമെന്റിന്റെ മാതൃക തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വാട്ടർ ഷെയർ എഗ്രിമെന്റ് ആകാത്തതുമൂലം ഏതെങ്കിലും ക്ഷേത്രക്കുളങ്ങളുടെ നവീകരണം സാദ്ധ്യമാകാതെ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## പൊതുകുളങ്ങളുടെ നവീകരണത്തിനായി ആലപ്പുഴ ജില്ലയിൽ 2016 മുതൽ 2021 വരെ അനുവദിച്ച പ്രവൃത്തികൾ

| ക്രമ നം | പ്രവൃത്തിയുടെ പേര് | അനുവദിച്ച വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ കാർത്തികപ്പള്ളി പഞ്ചായത്തിലെ അർഷാനം കുളത്തിന്റെ നവീകരണവും സംരക്ഷണവും | 2018 | 18.00 | പൂർത്തീകരിച്ചു. |
| 2 | മാവേലിക്കര നിയോജക മണ്ഡലത്തിലെ വള്ളികുന്നം പഞ്ചായത്തിൽ ഒൻപതാം വാർഡിലുള്ള രാമൻചിറയുടെ നവീകരണം | 2019 | 50.00 | 35% പൂർത്തീകരിച്ചു. |
| 3 | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പുലിയൂർ പഞ്ചായത്തിൽ വാർഡ് നമ്പർ 13-ലുള്ള പഞ്ചായത്ത് കുളത്തിന്റെ നവീകരണം | 2019 | 45.00 | 45% പൂർത്തീകരിച്ചു. |
| 4 | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ പുലിയൂർ പഞ്ചായത്തിലെ വാർഡ് നമ്പർ 13 ലെ പഞ്ചായത്ത് കുളത്തിന്റെ നവീകരണം. | 2019 | 45.00 | 80% പൂർത്തീകരിച്ചു. |
| 5 | ഹരിപ്പാട് നിയോജക മണ്ഡലത്തിലെ ഹരിപ്പാട് മുനിസിപ്പാലിറ്റിയിലുള്ള കിളിക്കാകുളങ്ങര കുളത്തിന്റെ നവീകരണം. | 2019 | 19.30 | 85% പൂർത്തീകരിച്ചു. |
| 6 | മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കര പഞ്ചായത്തിൽ വാർഡ് നമ്പർ 5-ലുള്ള ശാസ്താംകുളത്തിന്റെ നവീകരണം. | 2020 | 20.00 | കരാറുകാരന് പ്രവർത്തിസ്ഥലം കൈമാറിയിട്ടുണ്ട്. പ്രവൃത്തി ഉടൻ തന്നെ ആരംഭിക്കുന്നതാണ്. |
| 7 | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ പാണ്ടനാട് പഞ്ചായത്തിൽ വാർഡ് നമ്പർ 5-ലുള്ള എർമാടി കുളത്തിന്റെ നവീകരണം. | 2020 | 28.00 | 60% പൂർത്തീകരിച്ചു. |
| 8 | MLA-ADF (2019-20) ആലപ്പുഴ നിയോജകമണ്ഡലത്തിലെ മണ്ണഞ്ചേരി പഞ്ചായത്തിലി പെരുംതുരുത്ത് തിരുമല ദേവസ്വം ക്ഷേത്രകുളത്തിന്റെ നവീകരണം 2019-20 | 2019-20 | 20 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9 | MLA-ADF (2019-20) മണ്ണഞ്ചേരി പഞ്ചായത്തിലെ വാർഡ് നമ്പർ 22-ലെ ഐ.ടി.സി കോളനി കുളത്തിന്റെ നവീകരണം | 2019-20 | 25 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | ബഡ്ജറ്റ് വർക്ക് (2019-20) ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആര്യാട് പഞ്ചായത്തിലെ കൈതത്തിൽ കുളത്തിന്റെ നവീകരണം | 2019-20 | 100 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 11 | ബഡ്ജറ്റ് വർക്ക് (2018-19) ആലപ്പുഴ നിയോജകമണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ തോണ്ടൻ കുളങ്ങരെ മഹാദേവക്ഷേത്ര കുളത്തിന്റെ നവീകരണം | 2018-19 | 50 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 12 | ആലപ്പുഴ നിയോജകമണ്ഡലെ ആര്യാട് നോർത്ത് ജുമാ മസ്ജിദ് പള്ളിക്കുളത്തിന്റെ നവീകരണം | 2018-19 | 25 | പ്രവൃത്തി പൂർത്തീകരിച്ചു |
| | ആകെ | | 445.30 | |

സെക്ഷൻ ഓഫീസർ